# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 602      **09.02.2016** ൽ മറുപടിയ്ക്ക്

**ഓട് കമ്പനികൾക്ക് കളിമണ്ണ് ഖനനത്തിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എളമരം കരീം** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | ഓട് കമ്പനികൾക്ക് ആവശ്യമായ കളിമണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി നല്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | 2015 ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടം (9) പ്രകാരം കളിമണ്ണ് ഖനനം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് പരിസ്ഥിതി വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് ആവശ്യമായിരുന്നു. ടി ചട്ടത്തിൽ 22.12.2015 ലെ GO(P)175/2015/ID. നമ്പർ ഉത്തരവ് പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് കളിമണ്ണ് ഖനനത്തിന് പെർമിറ്റ് അനുവദിക്കുന്നതിന് പരിസ്ഥിതി ക്ലിയറൻസ് ആവശ്യമില്ല. എന്നാൽ ടി ചട്ടങ്ങളിലെ ചട്ടം 4 (2) (f) പ്രകാരം ഈ ആവശ്യത്തിലേയ്ക്കായി സർക്കാർ നിയോഗിക്കുന്ന ജില്ലാതല വിദഗ്ധസമിതിയുടെ ശുപാർശ പ്രകാരം ജില്ലാകളക്ടറിൽ നിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ട്. ജില്ലാതല വിദഗ്ധ സമിതിയിലെ സർക്കാർ നോമിനികളെ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**